**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 313** **27-06-2022 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി സേവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കുന്ന സന്നദ്ധ സേവന അംഗങ്ങൾക്ക് വേതനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (എ) | **ഇല്ല.** |
| (ബി) | പദ്ധതിയ്ക്കായി അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | **22.09.2021 സ.ഉ(സാധാ) നം. 1821/2021/ തസ്വഭവ ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പിനാവശ്യമായ ചിലവുകൾക്കായി ഗ്രാമപഞ്ചായത്തു കൾക്ക് ഒരു ലക്ഷം രൂപ വീതവും, മുനിസിപ്പാലിറ്റികൾക്ക് രണ്ട് ലക്ഷം രൂപ വീതവും കോർപ്പറേഷനുകളിൽ അഞ്ച് ലക്ഷം രൂപ വീതവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ വകയിരുത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത തുക പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും തയ്യാറെടുപ്പുകൾക്കുമായി പ്രസ്തുത തുക ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത തുക കൂടാതെ വ്യക്തികളിൽ നിന്നുള്ള സംഭാവന, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം പ്രത്യേക അക്കൗണ്ടിൽ സ്വരൂപിച്ച് ചെ ലവ് ചെയ്യുവാൻ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി ഒരു വർഷം ശരാശരി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ; | (ഡി) | ശരാശരി വാർഷിക ചെലവ് കണക്കാക്കിയിട്ടില്ല. പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്ക പ്പെടുന്നവരുടെ എണ്ണം, നൽകേണ്ടി വരുന്ന സേവനങ്ങൾ, തദ്ദേശസ്ഥാപന ങ്ങളുടെ ജനസംഖ്യ, ഭൂമിശാസ്ത്രപരമായ ഘടനയും വ്യാപ്തിയും തുടങ്ങിയ വിവിധ കാരണങ്ങളാൽ പദ്ധതി നടത്തിപ്പിന് ചിലവാകുന്ന തുകയിൽ വ്യാപകമായ ഏറ്റക്കുറച്ചിൽ ഉണ്ടായേക്കും. |
| (ഇ) | സ്പോൺസർഷിപ്പിലൂടെയും മറ്റും അധിക | (ഇ) | പൊതുജനങ്ങൾക്കും സർക്കാർ ഇതര |

| | | | |
|---|---|---|---|
| | ധനസമാഹരണം നടത്തി പദ്ധതി നടപ്പിലാക്കണമെന്ന നിർദേശം ദീർഘ കാലത്തേക്ക് പ്രായോഗികമാണോയെന്നും, പദ്ധതി നിന്നുപോകുവാൻ ഇടയാക്കില്ലെയെന്നും വിശദീകരിക്കുമോ? | | സംവിധനങ്ങൾക്കും സാമൂഹികസേവന പ്രവൃത്തികളിൽ സഹകരിക്കുവാൻ അവസരം നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെയും മറ്റും തുടർച്ച യായി അധിക സമാഹരണം നടത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ